**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ.ഷൈനി. പി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No.1252/2024 കേസിൽ 13.09.2024 ലെ ഉത്തരവ്- അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Order of Hon'ble KAT in OA (EKM) No.1252/2024 dated 13.09.2024

2.ഡോ.ഷൈനി.പി യുടെ 10.09.2024 ലെ അപേക്ഷ.

3. കേരള അഡ്വക്കേറ്റ് ജനറലുടെ 09.10.2024 തീയതിയിലെ A3 - OAEKM 1252/2024/2024127024 നമ്പർ കത്ത്.

**ഉത്തരവ് നം. ഇ.ബി 2-23736/2024/ആ.വ.ഡ തീയതി : 20-10-2024**

പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ. ഷൈനി. പി, ചേവായൂർ ത്വക്ക് രോഗാശുപത്രിയിലേയ്ക്കോ കോഴിക്കോട് ജനറൽ ആശുപത്രിയിലേയ്ക്കോ, തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കോ, തിരുർ ജില്ലാ ആശുപത്രിയിലേയ്ക്കോ മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്കോ സ്ഥലം മാറ്റം നല്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA (EKM) No.1252/2024 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ രണ്ടാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാരി Annexure A5 ആയി സമർപ്പിച്ച അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണൽ ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

2024-ലെ പൊതു സ്ഥലംമാറ്റത്തിൽ തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ.ഷൈനി. പി 16/08/2024 തീയതിയിൽ ആണ് നിലവിലെ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാരി Annexure A5 ആയി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന, ചേവായൂർ ത്വക്ക് രോഗാശുപത്രിയിലോ കോഴിക്കോട് ജനറൽ ആശുപത്രിയിലോ, തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലോ, തിരൂർ ജില്ലാ ആശുപത്രിയിലോ, മഞ്ചേരി ജനറൽ ആശുപത്രിയിലോ ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്-ന്റെ ഒഴിവ് നിലവിൽ ഇല്ല. ആയതിനാൽ ഡോ.ഷൈനി. പി യുടെ അപേക്ഷ നിലവിൽ പരിഗണിക്കാൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ, ഡോ. ഷൈനി. പി, ടിയാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ ഒഴിവ് ഉണ്ടാകുന്ന അവസരത്തിൽ പ്രസ്തുത ഒഴിവിലേയ്ക്ക് സ്ഥലംമാറ്റത്തിന് മറ്റാരെങ്കിലും അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയതിനോടൊപ്പം ടിയാരിയുടെ അപേക്ഷ കൂടി പരിഗണിച്ച് അർഹതയ്ക്കനുസരിച്ച് നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) No. 1252/2024 നമ്പർ കേസിൽ 13.09.2024 തീയതിയിലെ ഉത്തരവ് മേൽപ്രകാരം അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 20-10-2024 21:01:04

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. ഷൈനി. പി,

ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി)

താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി

പകർപ്പ് : 1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ (എ) വകുപ്പ്, ഗവൺമെൻറ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2 .അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

3 .അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം

4 ജില്ലാ മെഡിക്കൽ ഓഫീസർമാർ

5.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

6.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്